പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 919 — 20/03/2012 ൽ മറുപടിയ്ക്ക്

## പാഠപുസ്തക വിതരണത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ പാഠപുസ്തക വിതരണത്തിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ; | (എ) മദ്ധ്യവേനലവധിക്കാലത്തു തന്നെ സ്കൂളുകളിൽ പുസ്തകമെത്തിക്കാനുതകുന്ന തരത്തിൽ താഴെ വിവരിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>1. സ്കൂൾ സൊസൈറ്റികളുടെ ഇൻഡന്റിങ് സമയബന്ധിതമായി പൂർത്തിയാക്കി.<br>2. പാഠപുസ്തക അച്ചടി നേരത്തേ ആരംഭിച്ചു.<br>3. പുസ്തകങ്ങളുടെ സ്റ്റോക്ക്, വിതരണം എന്നിവ കമ്പ്യൂട്ടർ സംവിധാനം വഴി നിരീക്ഷിക്കുവാൻ നടപടി കൈകൊണ്ടു.<br>4. ഇന്ത്യൻ തപാൽ വകുപ്പുമായി ചേർന്ന് വിതരണ നടപടികൾ സുതാര്യവും കാര്യക്ഷമവും ആക്കുവാൻ നടപടികൾ സ്വീകരിച്ചു. |
| ബി) അടുത്ത അധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ ; | (ബി) പുതുതായി ഏർപ്പെടുത്തുന്നവ ഒഴികെ മറ്റെല്ലാം തയ്യാറാക്കി വരുന്നു. |
| സി) പാഠപുസ്തക വിതരണം എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ ; | സി) 2012 ഏപ്രിൽ 15-ന് അകം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | സംസ്ഥാനത്തെ ഗവൺമെന്റ് എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ